LIBRARY ARCHIVES Kerala Legislative Assembly

ലഡ്ജർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. പ്രോജക്ട് ജീവനക്കാരുടെ ശമ്പളയിനത്തിൽ 8,79,675 രൂപയും ശിൽപശാല, യോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി 5,98,325 രൂപയും ഉൾപ്പെടെ 14,78,000 രൂപ കേരള സാമൂഹ്യസുരക്ഷാ മിഷൻ ചെലവഴിക്കുകയും ബാക്കി 5.70 ലക്ഷം രൂപ ഔവർ റസ്പോൺസിബിലിറ്റി ടു ചിൽഡ്രണമായി ബന്ധപ്പെട്ട കാര്യത്തിന് സാമൂഹ്യനീതി വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന് കൈമാറിയ 5.70 ലക്ഷം രൂപയിൽ ഒ.ആർ.സി. സംസ്ഥാനതല ഉത്ഘാടനത്തിനായി 2,80,249 രൂപയും ശില്പശാലകൾക്കായി 42,730 രൂപയും പ്രിന്റിംഗ് ചെലവുകൾക്കായി 6,675 രൂപയും ജീവനക്കാരുടെ വേതനം ഇനത്തിൽ 66,500 രൂപയും ഇംപ്രസ്റ്റ് മണിയായി 5000 രൂപയും ഉൾപ്പെടെ 4,01,154 രൂപ ചെലവഴിച്ചിട്ടുണ്ട്. നീക്കിയിരുപ്പ് 1,68,846 രൂപ ഐ.സി.പി.എസ്. ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിക്കുന്നതിന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശിശു സംരക്ഷണ പരിപാടി

290 (1663) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. ടി. ജോർജ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ശിശു സംരക്ഷണ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

(സി) കുട്ടികൾക്കെതിരെയുള്ള ശാരീരിക- ലൈംഗിക അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2009 മുതൽ സംസ്ഥാനത്ത് സംയോജിത ശിശുസംരക്ഷണ പദ്ധതി നടപ്പിലാക്കിവരുന്നു. 2014 മേയ് മാസം മുതൽ സംസ്ഥാനതല ശിശു സംരക്ഷണ യൂണിറ്റും 2014 ഒക്ടോബർ മാസം രണ്ട് മുതൽ എല്ലാ ജില്ലകളിലും ജില്ലാതല ശിശു സംരക്ഷണ യൂണിറ്റുകളും പ്രവർത്തനം ആരംഭിച്ചു.

(ബി) ബാലനീതി (ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ) നിയമം 2000-ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള നടപടികൾ സംസ്ഥാന തലത്തിൽ സ്വീകരിച്ചുവരുന്നു. കുട്ടികളുടെ അവകാശ സംരക്ഷണത്തിനും സുരക്ഷ ഉറപ്പു വരുത്തുന്നതിനുംവേണ്ടി പ്രവർത്തിക്കുന്ന വിവിധ ഏജൻസികളെ സംയോജിപ്പിച്ചുകൊണ്ട് സംയോജിത ശിശുസംരക്ഷണ പദ്ധതി (ICPS) പ്രവർത്തിച്ചുവരുന്നു.

(സി) ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ, ഒ. ആർ. സി. എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ജില്ലാ തല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ താഴെപറയും പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു:

1. ഇടുക്കി ജില്ലയിലെ കമളിയിൽ മാതാപിതാക്കളുടെ ക്രൂരപീഡനത്തിനിരയായ മാസ്റ്റർ ഷഫീക്കിന്റെ എല്ലാ ചികിത്സാ ചെലവുകളും ഈ പദ്ധതി പ്രകാരം സർക്കാർ വഹിച്ചിട്ടുണ്ട്.

2. മാസ്റ്റർ ഷഫീക്ക് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം പീഡനത്തിനിരയാകുന്ന കുട്ടികൾക്ക് അടിയന്തര സഹായം നൽകുന്നതിനായി എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും 20,000 രൂപ വരെ തുകയായി അനുവദിച്ചിട്ടുണ്ട്.